(സി) ഓരോരുത്തരുടേയും സപ്ലീസിനെ കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് ഇതുസഹിതം അനുബന്ധമായി ചേർക്കുന്നു. *(Appendix I)*.

(ഡി) ചോദ്യം "എ"ക്കുള്ള ഉത്തരത്തിൽനിന്നും ഈ ചോദ്യത്തിനു് ഉത്തരം ആവശ്യമില്ല.

(ഇ) ടി ടി

(എഫ്) വിദ്യാഭ്യാസ ഡയറക്ടർ.

ARTICLE IN THE "MALABAR MAIL" REGARDING RABID DOGS—PARTICULARS REGARDING

105. മിസിസ്സ് ടി. ഫ്രാൻസിസ്സ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

എറണാകുളത്തു് "പേപ്പട്ടിശല്യം" എന്ന തലക്കെട്ടിൽ മേടം 12-ാംനു- മലബാർ മെയിൽ പത്രത്തിൽ ഒരു പട്ടണവാസി ടി ശല്യത്തെ വിവരിച്ചു എഴുതിയിരുന്ന ലേഖനം ഗവൺമെണ്ടു് ശ്രദ്ധിച്ചിട്ടുണ്ടോ?

റാവു സാഹിബു് കെ. അയ്യപ്പൻ.

ഉണ്ടു്.

REFORMS COMMISSIONER'S OFFICE—STAFF, WORK, ETC.—PARTICULARS REGARDING

106. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾ ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിൽ പുതുതായി ഏർപ്പെടുത്തപ്പെട്ട ഇലക്ഷൻ ഡിപ്പാർട്ടുമെണ്ടിൽ ആകെ എത്ര ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കുന്നുണ്ടു്;

(ബി) ആ വകുപ്പു് ഇതിനകം നടത്തിയ ഇലക്ഷൻ ജോലികൾ എന്തെല്ലാം;

(സി) തിരഞ്ഞെടുപ്പു പട്ടിക തയ്യാറാക്കുന്നതിനു "നിയോജകമണ്ഡല പുനർവിഭജനം" കഴിഞ്ഞിട്ടുണ്ടോ;

(ഡി) അതു കഴിയാതെയാണോ ഇലക്ഷൻ വകുപ്പു് പ്രവൃത്തിക്കുന്നതു്?

റാവു സാഹിബു് എ. മാധവപ്രഭു:

(എ) 4 (പതിനേഴു്).

(ബി) പ്രായപൂർത്തിവോട്ടവകാശം അനുസരിച്ചു പുതിയ വോട്ടർമാരുടെ ലിസ്റ്റു് തയ്യാറാക്കുന്നതിനും തിരഞ്ഞെടുപ്പുകൾ നടത്തേണ്ടതിനും മറ്റും യോഗങ്ങൾകൂടി ആലോചിച്ചു പദ്ധതികൾ തയ്യാറാക്കുകയും, നിയമസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്തുഡിപ്പാർട്ടുമെണ്ടുകളിലെ തിരഞ്ഞെടുപ്പു പട്ടണങ്ങൾക്കു വേണ്ട ഭേദഗതികൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ടു്. വോട്ടർമാരുടെ ലിസ്റ്റു് തയ്യാറാക്കുന്നതിനു വേണ്ട സ്കൂൾ അദ്ധ്യാപകന്മാരെ തിരഞ്ഞെടുത്തുവരുന്നുണ്ടു്.

(സി) ഇല്ല. അതിനുവേണ്ട നടപടികൾ എടുത്തുവരുന്നുണ്ടു്.

(ഡി) ബി. യിലും സി. യിലും പറഞ്ഞിരിക്കുന്ന പ്രകാരമാണു് ഇപ്പോൾ പ്രവൃത്തിക്കുന്നതു്.

TAPIOCA—CONTROLS—DETAILS REGARDING

107. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleased to state.—

(*a*) what are the controls regarding Tapioca existing at the end of 1122;

(*b*) what really is the object in continuing these controls now?

Mr. P. Govinda Menon (*Minister for Food and Education*):

(*a*) The following controls exist now.—

1. Export of Tapioca from the State without permit is not allowed.
2. Transport from one part of the State to another through intervening foreign territory is not also allowed without a permit.
3. Conversion of tapioca (raw or chips) into its by-products has also been prohibited.

(*b*) The object is that tapioca (raw or chips) which is largely used as food by the poorer classes should be available freely for consumption within the State in as much as the All India Food position is very unsatisfactory.

LIBRARY ARCHIVES Kerala Legislative Assembly